(ഇ) ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനും അവ കേട് വരാതെ സൂക്ഷിക്കുന്നതിനും ആധുനിക സംഭരണ രീതികൾ നടപ്പാക്കിയിട്ടുണ്ട്.

റേഷൻ-ആൾ അനുപാതം കൂട്ടാൻ നടപടി

36 [5490] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള റേഷൻ-ആൾ അനുപാതം കൂട്ടുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന റേഷൻ വിഹിതം മുഴുവനും ഉപ യോഗിക്കാതെ വരുന്ന സാഹചര്യത്തിൽ റേഷൻ-ആൾ അനുപാതം കൂട്ടുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ തോത് (അളവ്) നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

ആത്മഹത്യ ചെയ്ത റേഷൻകടയുടമകൾ

37 [5491] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര റേഷൻ കടയുടമകൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര പേർ ജപ്തി നടപടിയെ തുടർന്ന് ആത്മഹത്യ ചെയ്തി ട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) ആത്മഹത്യ ചെയ്ത റേഷൻ കടയുടമകളുടെ കുടുംബത്തെ സഹാ യിക്കുന്നതിനും അവരുടെ ബാദ്ധ്യതകൾക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആത്മഹത്യ ചെയ്ത കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏഴ്.

(ബി) ജപ്തി നടപടിയെത്തുടർന്ന് ആരും ആത്മഹത്യ ചെയ്തിട്ടില്ല.

(സി) മരണപ്പെടുന്നവരുടെ ആശ്രിതർക്ക് താൽപ്പര്യമുണ്ടെങ്കിൽ മരണപ്പെട്ട വ്യക്തികളുടെ പേരിലുള്ള കടകൾ അവർക്ക് അനുവദിക്കാറുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly